പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 424 11.12.2012-ൽ മറുപടിയ്ക്ക്

## കാസർകോഡ് ജില്ലയിലെ വൈദ്യുതി തടസ്സം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കാസർകോഡ് ജില്ലയിൽ ലോഡ് ഷെഡ്ഡിംഗ് ഇല്ലാത്തപ്പോഴും നിരന്തരം വൈദ്യുതി തടസ്സം ഉണ്ടാകുന്നതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ ; | (എ) കാലവർഷത്തോടനുബന്ധിച്ച് പ്രസരണ ലൈനുകൾക്കുണ്ടായ കേടുപാടുകൾ കാരണം അവിചാരിതമായി ചില സമയങ്ങളിൽ വൈദ്യുതി തടസ്സം നേരിട്ടിട്ടുണ്ട്. |
| (ബി) നിരന്തര വൈദ്യുതി തടസ്സം മൂലം ജനജീവിതം ദുസ്സഹമായ സാഹചര്യം കണക്കിലെടുത്ത് അടിയന്തിര പരിഹാര നടപടികൾ സ്വീകരിക്കുമോ ? | (ബി) വൈദ്യുതി തടസ്സം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ അടിയന്തിര പരിഹാരമെന്ന നിലയിൽ 11 കെ.വി ബാക്ക് ഫീഡിംഗ് വഴി വൈദ്യുതി ലഭ്യമാക്കുവാനും, പ്രസരണ ലൈനിന്റെ തകരാറുകൾ പെട്ടെന്ന് പരിഹരിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിനു പുറമേ പ്രസരണ ശൃംഖലയുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി ചെയ്തു തീർക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കുവാനും നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.